**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 157** **22-06-2026-ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എൻ. ശക്തൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം നിലവിൽ ഉണ്ടോ; വിശദമാക്കാമോ;

**മറുപടി:**

സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം നിലവിലുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും ആവശ്യമായ അവശ്യമരുന്നുകളുടെ വിതരണം 2026 ഏപ്രിൽ 1 മുതൽ അതത് ജില്ലാ മരുന്നു സംഭരണ കേന്ദ്രങ്ങളിലൂടെ വിതരണം നടത്തി വരുന്നുണ്ട്.

2026-27 സാമ്പത്തിക വർഷത്തെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് യോഗ്യത നേടിയ വിതരണ കമ്പനികൾക്ക് ആദ്യ ഘട്ട വിതര ഉത്തരവുകൾ KMSCL നൽകിയിട്ടുണ്ട്. പ്രസ്തുത വിതരണ ഉത്തരവുകൾക്കനുസൃതമായുള്ള മരുന്നുകൾ ബന്ധപ്പെട്ട കമ്പനികൾ കോർപ്പറേഷന്റെ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിലേയ്ക്കു വിതരണം നടത്തിവരുന്നു.

മിഡിൽ ഈസ്റ്റിലെ നിലവിലെ യുദ്ധ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ 2026-27 സാമ്പത്തിക വർഷം മരുന്നു സംഭരണത്തിനായി ക്ഷണിച്ച ഇ-ദർഘാസിൽ യോഗ്യത നേടിയ നിരവധി മരുന്നു കമ്പനികൾ മരുന്നു നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവു ചൂണ്ടിക്കാട്ടി ടെണ്ടറിൽ നിന്നും പിന്മാറിയിട്ടുണ്ട്. പ്രസ്തുത മരുന്നുകൾക്ക് പുനർ ദർഘാസ് ക്ഷണിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

അപ്രതീക്ഷിതമായി വർദ്ധിക്കുന്ന ആവശ്യകതക്ക് അനുസൃതമായി ചില ആരോഗ്യ സ്ഥാപനങ്ങളിൽ ചില മരുന്നുകളുടെ താൽക്കാലിക ക്ഷാമം ഉണ്ടായേക്കാം. ഇത്തരം സാഹചര്യങ്ങൾ പരിഹരിക്കുന്നതിനായി DDMS വഴിയുള്ള സ്ഥാപനതല കൈമാറ്റം, ലഭ്യമായ ഫണ്ടുകൾ ഉപയോഗപ്പെടുത്തിയുള്ള സമയബന്ധിതമായ പ്രാദേശിക വാങ്ങൽ എന്നിവയിലൂടെ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നു.

**(ബി)** കേരള മെഡിക്കൽ സർവീസ് കോർപറേഷൻ വഴിയാണോ മുഴുവൻ മരുന്നുകളും വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ; ഈ ഇനത്തിൽ കെ. എം. എസ്. സി. എൽ-ന് കുടിശ്ശിക തുക നൽകാനുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:**

സംസ്ഥാന ആരോഗ്യവകുപ്പിനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ഇൻഡന്റ് ചെയ്യുന്ന (അവശ്യമരുന്നു പട്ടിക, സ്പെഷ്യാലിറ്റി മരുന്നു പട്ടിക എന്നീ മരുന്നു പട്ടികകളിൽ ഉൾപ്പെട്ട) മരുന്നുകളാണ് കെ.എം.എസ്.സി.എൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ സംഭരിച്ച് ഇൻഡന്റിനും ആവശ്യകതയ്ക്കും അനുസൃതമായി അതത് സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്തിവരുന്നത്.

കെ.എം.എസ്.സി.എൽ നൽകിവരുന്ന മരുന്നുകൾക്കു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ ആരോഗ്യ പദ്ധതികൾക്കായി അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് ആശുപത്രികൾ വിവിധ സ്ഥാപനങ്ങളിൽ നിന്നും (കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി മെഡിക്കൽ സ്റ്റോർ തുടങ്ങിയവ) നേരിട്ടു മരുന്നു സംഭരണം നടത്തി വരുന്നുണ്ട്.

കേന്ദ്രാവിഷ്കൃത ആരോഗ്യ പദ്ധതികളുടെ ഭാഗമായും സർക്കാർ ആശുപത്രികൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്.

സർക്കാർ ആശുപത്രികളിൽ സൗജന്യ അവിശ്യ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് നാളിതുവരെ കുടിശ്ശിക തുക **323.75** കോടി **(മുന്നൂറ്റി ഇരുപത്തിമൂന്ന് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ)** കുടിശ്ശിക ഇനത്തിൽ കെ.എം.എസ്.സി.എൽ-ന് നൽകുവാനുണ്ട്.

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിവിധ പ്രോജക്ടുകൾ മുഖേന ആശുപത്രികളിൽ മരുന്ന് വിതരണം നടത്തിയതിൽ നിന്നും **84.03 കോടി** രൂപ (എൺപത്തിനാലു കോടി മൂന്ന് ലക്ഷം രൂപ) കൂടി കെ.എം.എസ്.സി.എൽ-ന് ലഭിക്കാനുണ്ട്.

**(സി)** മരുന്ന് വിതരണം നടത്തിയ ഏജൻസികൾക്ക് കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ മുൻ സർക്കാരിന്റെ കാലത്തു അവശ്യ മരുന്നുകളും ചികിത്സ, ശസ്ത്രക്രിയ ഉപകരണങ്ങളും ലഭ്യമാകാതെ സാധാരണക്കാരായ രോഗികൾ പ്രതിസന്ധിയിലായതു പോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ജില്ലാതല മരുന്ന് അവലോകന കമ്മിറ്റി രൂപീകരിച്ച അവലോകനം നടത്തി സ്ഥാപനതല കൈമാറ്റത്തിലൂടെയും പ്രാദേശിക വാങ്ങലുകളിലൂടെയും മരുന്നുകളുടെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**